## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3423 — 14.03.2018 ൽ മറുപടിയ്ക്ക്

### കോതമംഗലം മാമലക്കണ്ടത്ത് മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോതമംഗലം താലൂക്കിലെ മാമലക്കണ്ടം പ്രദേശത്ത് നിലവിൽ മാവേലി സ്റ്റോറോ, മൊബൈൽ മാവേലി സ്റ്റോറോ ഇല്ലാത്ത സാഹചര്യത്തിൽ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഒരു മാവേലി സ്റ്റോർ പുതുതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) മാമലക്കണ്ടത്തേക്കുള്ള റോഡ് സൗകര്യം വർദ്ധിക്കുകയും കെ.എസ്.ആർ.ടി.സി ഉൾപ്പെടെ മൂന്ന് ബസ്സുകൾ സർവ്വീസ് നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മൊബൈൽ മാവേലി സ്റ്റോർ സേവനം അടിയന്തരമായി ലഭ്യമാക്കുമോ; വിശദമാക്കാമോ? | (എ) യും (ബി) യും | കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലമാണ് മാമലക്കണ്ടം. ടി പഞ്ചായത്തിൽ കുട്ടമ്പുഴയിലും വടാട്ടുപാറയിലും നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴയിൽ നിന്നും ഏകദേശം 47 കിലോ മീറ്റർ അകലെയുള്ള മാമലക്കണ്ടം പ്രദേശത്ത് സപ്ലൈകോയുടെ മൂവാറ്റുപുഴ ഡിപ്പോയുടെ കീഴിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ നിലവിലെ ഷെഡ്യൂളിൽ മാറ്റം വരുത്തി സേവനം നടത്തുന്നത് പ്രായോഗികമല്ല. പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന് വാഹനം വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമായാൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ